# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 560

27 .10.2016-ൽ
മറുപടിയ്ക്ക്

### ഭൂമി ഉടമകളുടെ അവകാശങ്ങൾ സംബന്ധിച്ച അവബോധം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. സി. കെ. ആശ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. കെ. രാജൻ | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) ഭൂമിയിന്മേൽ ഉടമകൾക്കുള്ള അവകാശങ്ങൾ, കടമകൾ, ഭൂരേഖകൾ, അടയ്ക്കേണ്ട നികുതി നിരക്കുകൾ എന്നിവയെക്കുറിച്ച് സാധാരണക്കാർക്ക് വ്യക്തമായ അറിവില്ലാത്തത് മൂലം നടക്കുന്ന തട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഭൂമിയിൽ ഉടമകൾക്കുള്ള അവകാശങ്ങൾ , കടമകൾ, ഭൂരേഖകൾ, അടയ്ക്കേണ്ട നികുതി നിരക്കുകൾ എന്നിവയെക്കുറിച്ച് സാധാരണക്കാർക്കുള്ള അജ്ഞത കൊണ്ട് നടക്കുന്ന തട്ടിപ്പുകൾ പൊതുവേ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, ഭൂനികുതി അടയ്ക്കേണ്ട നിരക്കുകളെപ്പറ്റിയും അടവാക്കേണ്ട തീയതിയെപ്പറ്റിയും കൃത്യമായ ധാരണയില്ലാത്തതിനാൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ നികുതി അടവാക്കാതിരിക്കുകയും പിന്നീട് നികുതി ഒരുമിച്ചടയ്ക്കുവാൻ അവസരം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ലഭിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) ഇത്തരം കാര്യങ്ങളെക്കുറിച്ച് ജനങ്ങളിൽ വ്യക്തമായ അവബോധം സൃഷ്ടിക്കാൻ അടിയന്തര നടപടി എടുക്കുമോ; വ്യക്തമാക്കുമോ? | (ബി) ഇത്തരം കാര്യങ്ങളെക്കുറിച്ച് ജനങ്ങളിൽ വ്യക്തമായ അവബോധം സൃഷ്ടിക്കാനായി ഭൂനികുതി നിരക്കുകൾ, റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളുടെ വിവരങ്ങൾ, അവയ്ക്കുള്ള സ്റ്റാമ്പ് ഫീസ് മുതലായ വിവരങ്ങൾ പൗരാവകാശ രേഖയിൽ വ്യക്തമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, നിലവിലുള്ള നിയമത്തിന് മാറ്റം വരുത്തിക്കൊണ്ടോ ഭേദഗതി വരുത്തിക്കൊണ്ടോ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ബന്ധപ്പെട്ട ഓഫീസുകളിൽ എത്തിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം അവകാശങ്ങളെക്കുറിച്ചോ സേവനങ്ങളെ കുറിച്ചോ സേവനാവകാശ നിയമം, വിവരാവകാശ നിയമം തുടങ്ങിയവ പ്രകാരം പൊതു ജനങ്ങൾ നൽകുന്ന അപേക്ഷയിൽ സമയബന്ധിതമായി മറുപടിയും നൽകുന്നുണ്ട്. പ്രസ്തുത വിഷയത്തെക്കുറിച്ച് ജില്ലാ/താലൂക്ക്/വില്ലേജ് തലങ്ങളിൽ നികുതി നിരക്കുകൾ, ഭൂരേഖകൾ എന്നിവയെ സംബന്ധിക്കുന്ന ബോർഡുകൾ പ്രദർശിപ്പിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നത് വഴി ഇക്കാര്യങ്ങളിൽ ജനങ്ങളിൽ വ്യക്തമായ അവബോധം സൃഷ്ടിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ

RG